# കാറ്റിൽ പറക്കുന്ന കുതിരകൾ

കാരൂർ സോമൻ 17:24 PM 18/12/2017



*ലണ്ടൻ റോയൽ ആസ്കോട്ട് കുതിരയോട്ടം*

ലണ്ടൻ യാത്രയിൽ മനസിൽ മൊട്ടിട്ട വലിയൊരു മോഹമായിരുന്നു അവിടത്തെ കുതിരയോട്ടം കാണുക എന്നത്. ലണ്ടൻ നഗരം പല വിസ്മയങ്ങളും നമുക്കായി ഒരുക്കിയിട്ടുണ്ട്. അതിലൊന്നാണ് കുതിരയോട്ട മത്സരം. സ്പെയിനിലെ കാളപ്പോര് കണ്ടതിനുശേഷമാണ് ലണ്ടൻ റോയൽ ആസ്കോട്ട് കുതിരയോട്ടം കാണാനെത്തിയത്. കണ്ണുകൾക്ക് അവാച്യമായ ആഹ്ലാദവും സൗന്ദര്യവും പകരുന്ന കാഴ്ചയാണ് കുതിരയോട്ടം. രാജാക്കന്മാരുള്ള രാജ്യങ്ങളിൽ അതൊരു വിനോദമാണ്. മുൻപ് രാജാക്കന്മാർ രാജ്യങ്ങളെ കീഴടക്കിയിരുന്നത് കുതിരയോട്ടത്തിൽ കൂടിയായിരുന്നെങ്കിൽ ഇന്നുള്ളവർ കുതിരയോട്ട മത്സരങ്ങളിലൂടെ മില്യനുകളാണ് കീഴടക്കുന്നത്. ദുബൈയിലെ വേൾഡ് കപ്പ്, എമിറേറ്റ്സ് മെൽബോൺകപ്പ് അതിനുദാഹരണങ്ങൾ.

വികസിത രാജ്യങ്ങളിൽ ധാരാളം കുതിരയോട്ട മത്സരങ്ങൾ കാണാറുണ്ട്. കുതിരയോട്ടങ്ങളിൽ രാജാവോ, പ്രജയോ ആരു വിജയിച്ചാലും ലോകത്ത് ലഭിക്കുന്ന ഏറ്റവും വലിയൊരു അംഗീകാരമാണത്. അതിൽ അഹങ്കരിക്കുന്നവരാണ് കൂടുതലും. കാറ്റിനെക്കാൾ വേഗതയിൽ കുതിരക്കുളമ്പടികൾ മണ്ണിൽ പൊടിപറത്തിക്കൊണ്ട് ഒരാൾ മറ്റൊരാളെ കീഴ്പ്പെടുത്തുന്ന മരണപ്പാച്ചിലിൽ ദൃഷ്ടികളുറപ്പിച്ചു നോക്കുന്നവരുടെ ജിജ്ഞാസ, ഭീതി, നിശ്വാസം ആശ്വാസത്തെക്കാൾ അമ്പരപ്പാണുണ്ടാക്കുക. അന്നത്തെ ഓട്ടത്തിൽ വിജയശ്രീലാളിതനായി വന്ന കുതിരയെ ആരാധനയോടെയാണ് ഞാൻ കണ്ടത്. നൂറ്റാണ്ടുകളായി ശക്തിശാലികളായ മനുഷ്യരെപ്പോലെ കുതിരകളും നമ്മെ കീഴടക്കുന്നു. ലണ്ടനേറ്റവുമടുത്ത് ബർക്ഷയർ എന്ന സ്ഥലത്ത് നടക്കുന്ന വിശ്വപ്രസിദ്ധ കുതിരയോട്ട മത്സരമാണ് 'റോയൽ ആസ്ക്കോട്ട്. ബ്രിട്ടീഷ് റോയൽ ഫാമിലിയുടെ കൊട്ടാരമായ വിൻസൻറ് കാസിലിൻെറ അടുത്താണ് ആസ്ക്കോട്ട്. രാജകുടുംബാഗങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കായിക വിനോദമാണ് കുതിരയോട്ടം. ലോകത്തിലെ തന്നെ ഏറ്റവും വലിയ ട്രാക്കുകളിൽ ഒന്നാണ് 1711–ൽ തുടങ്ങിയ ആസ്ക്കോട്ട് ട്രാക്ക്.

2006 ൽ പുതുക്കി പണിതതാണ് ഇപ്പോഴത്തെ ട്രാക്കും പവലിയനും. ബ്രിട്ടനിൽ ഒരു വർഷം മൊത്തം 32 മത്സരങ്ങളാണ് അരങ്ങേറുന്നത്. അതിൽ ഒമ്പതും ഈ ട്രാക്കിൽ തന്നെയാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ടത് ആസ്ക്കോട്ട് ഗോൾഡ് കപ്പ് മത്സരമാണ്.

Web2PDF
converted by Web2PDFConvert.com





*ആസ് കോട്ട് ട്രാക്ക്*

മൂന്ന് ദിവസങ്ങൾ ആയിട്ടായിരുന്നു മത്സരം. നാലു കിലോമീറ്റർ ആണ് ഒരു ലാപ്പ്. നമ്മുടെ വള്ളംകളി പോലെ പല ഗ്രേഡിൽ ഉള്ള കുതിരകൾക്ക് വ്യത്യസ്ത മത്സരങ്ങൾ ഉണ്ട്. ഗോൾഡ് കപ്പ്. ലോയൽ ഹണ്ട് കപ്പ്, ക്വീൻ വാസ് എന്നിവയാണ് പ്രധാന ട്രോഫികൾ. അതിലെ തന്നെ ഏറ്റവും പ്രശസ്തം ഗോൾഡ് കപ്പാണ്. 2,50,000 പൗണ്ട് ആണ് ഇതിന്റെ സമ്മാനത്തുക. ഫോർമുല

Web2PDF
converted by Web2PDFConvert.com

വൺ കാറോട്ട മത്സരം പോലെ മികച്ച കുതിരയ്ക്കും, മികച്ച ജോക്കിക്കും, മികച്ച പരിശീലകനും, മികച്ച ഉടമസ്ഥനും സമ്മാനം ഉണ്ട്. ഒരു മുതലാളിക്ക് ഒന്നിലധികം കുതിരകൾ ഉണ്ടാവാം.



*രാജ്ഞി*

ഗ്രാൻഡ് സ്റ്റാൻറ്, സിൽവർ  റിംഗ്, റോയൽ എൻക്ലോഷർ എന്നീ മൂന്ന് പവലിയനുകളിലാണ് സന്ദർശകർക്കായി ഉള്ളത്. സിൽവൽ റിങ്ങിൽ ആണ് ഏറ്റവും താഴ്ന്ന ടിക്കറ്റ് വില. വെറും നൂറു പൗണ്ട്. ഗ്രാൻഡ് സ്റ്റാൻഡിൽ ഇരുന്നൂറു മുതൽ അഞ്ഞൂറ് പൗണ്ട് വരെ ഉണ്ട് ടിക്കറ്റിന്. റോയൽ എൻക്ലോഷർ എന്ന സ്റ്റാൻഡിൽ കയറാൻ കാശ് മാത്രം പോര, നല്ല തറവാട്ടിൽ ജനിക്കുകയും വേണം. കാരണം രാജകുടുംബാംഗങ്ങൾക്കും, വി.ഐ.പികൾക്കും മാത്രം ഉള്ളതാണ് ആ ടിക്കറ്റ്.
മറ്റൊരു പ്രധാന കാര്യം ഡ്രസ്സ് കോഡ് ആണ്. റേസ് കാണാൻ വരുന്ന എല്ലാവരും പാലിക്കേണ്ട ഒന്നാണ് ഡ്രസ്സ് കോഡ്. പുരുഷന്മാർക്ക് ടൈയും സ്യൂട്ടും, സ്ത്രീകൾ സ്മാർട്ട് ഫോർമല് സും നിർബന്ധം. ജീൻസ് ഷർട്ട് ധരിച്ചു വന്നാൽ അകത്തേക്കുള്ള പ്രവേശനം അസാധ്യം. എന്നാൽ ഏറ്റവും എടുത്തു പറയേണ്ട ഒന്ന് സ്ത്രീകൾ ധരിക്കുന്ന തൊപ്പിയാണ്. നമ്മുടെ നാട്ടിൽ കൊച്ചമ്മമാർ കല്യാണത്തിന് സ്വർണ്ണം അണിഞ്ഞു വരുന്നപോലെ ആണ് അവർക്ക് ആ തൊപ്പി ഒരു സ്റ്റാറ്റസ് സിമ്പൽ ആണ്. വിവിധ ഇനം തൂവലുകൾ കൊണ്ട് അലങ്കരിച്ച് സുന്ദരമായ തൊപ്പികൾ അണിഞ്ഞു നടക്കുന്ന സുന്ദരികളുടെ ഇടയിൽ എത്തിയാൽ ഏതോ ഫാഷൻ റാമ്പിൽ പെട്ട് പോയ  അവസ്ഥയാകും.

ബ്രിട്ടനിലെ മാത്രമല്ല, യൂറോപ്പിലെ തന്നെ മൾട്ടി ബില്യനയർമാരാണ് കാണികളിൽ ഭൂരിഭാഗവും. ശരിക്കും ടൈറ്റാനിക് കപ്പലിൽ കയറിയ അനുഭൂതി. റേസ് കാണാൻ കുതിര പട്ടാളത്തിൻെറ അകമ്പടിയോടെ ഒരു രഥത്തിൽ ആനയിക്കപ്പെടുന്ന രാജ്ഞിയുടെ വരവ്  കാണേണ്ട കാഴ്ച തന്നെയാണ്. ഇവിടെ പല കൗണ്ടറിൻെറ മുന്നിലും നീളൻ ക്യൂ കണ്ടു. എല്ലാവരുടെയും കൈയിൽ നോട്ടുകെട്ടുകൾ.  അത് ഒരു ബെറ്റിംഗ് കൗണ്ടർ ആയിരിക്കും. കുതിരയോട്ടം കാണുന്നതിനെക്കാൾ ഉപരി കുതിരപന്തയം വയ്ക്കാനാണ് ആ കോടീശ്വരന്മാർ പലരും  വന്നത്. ഒരു പൗണ്ട് മുതൽ ഒരു മില്യൺ പൗണ്ട് വരെ അവിടെ വാത് വയ്ക്കുന്ന വിദ്വാന്മാർ ഉണ്ട്. കോടികൾ കൊണ്ട് അമ്മാനമാടുന്നവർക്ക് ഈ ചൂതാട്ടം ഇല്ലാതെ എന്താഘോഷം.
റേസ് തുടങ്ങുന്നതിനു പത്തു മിനിറ്റ് മുൻപുവരെ ജയിക്കുന്ന കുതിരയുടെ പേരിലും, സമയത്തിൻെറ പേരിലും ഒക്കെ വാതു വയ്ക്കാം. ബാൻറ് മേളവും, പരമ്പരാഗത സംഗീതവും സമാപിച്ച ശേഷമാണ് റേസ് തുടങ്ങുക.ഊട്ടിയിലും മറ്റും നാം കാണുന്ന കുതിരകളുടെ ഏകദേശം ഇരട്ടി വലിപ്പം ഉണ്ട് റേസിൽ പങ്കെടുക്കുന്ന ഓരോ കുതിരക്കും. റേസ് കഴിഞ്ഞു എലിസബത്ത് രാജ്ഞിയാണ് വിജയികൾക്ക് സമ്മാനം നൽകുന്നത്.

Web2PDF
converted by Web2PDFConvert.com




സമ്മാനദാന ചടങ്ങ്

SHARE

WRITE YOUR COMMENTS

TAGS

#london ascot horse race #horse race #madhyamam travel #London travelogue #travel news

PREVIOUS STORY | NEXT STORY

Web2PDF
converted by Web2PDFConvert.com